**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- 2024-25 വർഷത്തെ PM-AJAY പദ്ധതിയിൽ ഉൾപ്പെട്ടതും സർക്കാർ നിർവ്വഹണ അനുമതി നല്കിയതുമായ BWFS(Bird World Wide Flight Services), എന്ന സ്ഥാപനം മുഖേന നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലനങ്ങളിലെ പരിശീലനാർത്ഥികൾക്ക് പരിശീലന കാലയളവിലേക്കുള്ള ABLC (Actual Boarding & Lodging Charges) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി-പട്ടികവർഗ്ഗ (ബി ) വികസന വകുപ്പ്**

സ.ഉ.(സാധാ) നം.346/2025/SCSTD തീയതി,തിരുവനന്തപുരം, 27-05-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 195/2024/SCSTD തീയതി 16.03.2024.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 05.02.2025 തീയതിയിലെ SCDD/3150/2023-P3(PL) നമ്പർ കുറിപ്പ് .
3. 26.04.2025 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.അജയ് പദ്ധതി നടപ്പിലാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് 2023-24 സാമ്പത്തിക വർഷം ആദ്യ ഗഡുവായി 2.82 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു. നിലവിൽ ലഭ്യമായ കേന്ദ്ര സഹായം ഉപയോഗിച്ച് പി.എം അജയ് (2023-26) പദ്ധതിയിൽ ഉൾപ്പെട്ട Income Generation Activity, Skill Development എന്നീ ഘടകങ്ങളിൽ നിന്നും തിരഞ്ഞെടുത്ത പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. അതിൻ പ്രകാരം BWFS (Bird World Wide Flight Services), Digital University of Kerala മുഖേനയുള്ള നൈപുണ്യ വികസന പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.

2. BWFS (Bird World Wide Flight Services) എന്ന സ്ഥാപനം മുഖേനയുള്ള Airline customer service executive എന്ന നൈപുണ്യ വികസന പരിശീലനത്തിന്റെ പ്രൊപ്പോസൽ PM AJAY പോർട്ടലിൽ സമർപ്പിച്ചിരുന്നപ്പോൾ പരിശീലനാർത്ഥികളുടെ കോഴ്സ് ഫീസ് മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. പരിശീലനാർത്ഥികൾക്ക് താമസവും ഭക്ഷണവും വകുപ്പ് നൽകുകയോ അല്ലെങ്കിൽ പരിശീലനാർത്ഥികളുടെ ABLC (Actual Boarding & Lodging Charges) പ്രത്യേകമായി അനുവദിക്കുകയോ ചെയ്യണമെന്ന് സ്ഥാപന പ്രതിനിധികൾ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, പി.എം അജയ് പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന വിടവ് നികത്തുന്നതിനുള്ള ഒരു പ്രൊപ്പോസൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. BWFS (Bird World Wide Flight Services) എന്ന സ്ഥാപനം മുഖേനയുള്ള Airline Customer Service Executive എന്ന കോഴ്സിനു 2024-25 വർഷത്തിൽ 50 പരിശീലനാർത്ഥികൾക്ക് 9 മാസത്തെ കോഴ്സ് കാലയളവിലേക്ക് ഒരു പരിശീലനാർത്ഥിക്ക് പ്രതിമാസം 7,000/-രൂപ നിരക്കിൽ 31,50,000/- (മുപ്പത്തി ഒന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ

അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലാണ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നത്. പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുന്ന പക്ഷം ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-800-57 Corpus Fund (P) എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. 26.04.2025 ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് മതിയായ പ്രചാരണം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പ്രസ്തുത പ്രൊപോസലിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

4. മേൽസാഹചര്യത്തിൽ, BWFS (Bird World Wide Flight Services) എന്ന സ്ഥാപനം മുഖേനയുള്ള Airline Customer Service Executive എന്ന കോഴ്സിനു 2024-25 വർഷത്തിൽ 50 പരിശീലനാർത്ഥികൾക്ക് 9 മാസത്തെ കോഴ്സ് കാലയളവിലേക്ക് ഒരു പരിശീലനാർത്ഥിക്ക് പ്രതിമാസം 7,000/-രൂപ നിരക്കിൽ 31,50,000/- (മുപ്പത്തി ഒന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപ ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് മതിയായ പ്രചാരണം നടത്തണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ABLC (Actual Boarding & Lodging Charges) അനുവദിച്ച് ഉത്തരവാകുന്നു.

5. ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2225-01-800-57 Corpus Fund (P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള,തിരുവനന്തപുരം.

ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (വെൽഫെയർ വിംഗ് / പ്ലാനിംഗ് എ).

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 27-05-2025 14:16:28
സെക്ഷൻ ഓഫീസർ

1.ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി എസിന്.
2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്